TB Movie Panel Review

മായവൻ

കുമരൻ ഡിപ്പാർട്ട്മെന്ററിലെ മിടുക്കനായ ഒരു പോലീസ് ഓഫീസർ ആയിരുന്നു. ഒരു ദിവസം ഒരു ചെറിയ കള്ളനെ ഓടിച്ചു പിടിക്കാൻ ശ്രമിക്കുന്നതിന് ഇടയിൽ വളരെ യാദൃശ്ചികമായി ഒരു വീട്ടിലേക്ക് ഓടി കയറേണ്ടി വരുന്ന കുമരൻ കാണുന്നത് ഒരു കൊടും കൊലപാതകം ആണ്. അത് വരെ പിന്തുടർന്ന കള്ളനെ ആ നിമിഷം ഉപേക്ഷിക്കുന്ന കുമരൻ, ആ കൊലയാളി കൈ വിട്ടു പോകും മുൻപ് അയാളെ പിടിക്കാൻ തീരുമാനിക്കുന്നു. അതിനെ തുടർന്നുണ്ടാകുന്ന ബല പ്രയോഗത്തിന് ഇടയിൽ ആ കൊലയാളി മരണപെടുകയും, കുമരന് സാരമായി പരിക്ക് ഏൽക്കുകയും ചെയ്യുന്നു.

ഒരു കൊലപാതകം നേരിൽ കണ്ടതിന്ററെ മാനസിക പ്രശ്നങ്ങൾ അയാൾക്ക് ഉണ്ടാകാം എന്ന് ഡോക്ടർ റിപ്പോർട്ട് കൊടുക്കുന്നു എങ്കിലും, സ്വാധീനത്തിന്ററെ, കള്ള റിപ്പോർട്ടുകളുടെ ബലത്തിൽ, പരിക്ക് ഭേദമായ അയാൾ വീണ്ടും ജോലിക്ക് കയറുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ഒരു പ്രമുഖ നടിയുടെ കൊലപാതകം അന്വേഷിക്കാൻ ഇടയാകുന്ന അദ്ദേഹം, കാണുന്നത് വളരെ വിചിത്രമായ ഒരു കാഴ്ച ആണ്. ഒരിക്കൽ നേരിട്ട് കണ്ടു , മനസ്സ് മരവിച്ചു പോയ കൊലപാതകത്തിന്ററെ സമാനമായ മറ്റൊരു കൊലപാതകം! ഒരിക്കൽ തന്ററെ കണ്മുന്നിൽ മരിച്ച കൊലപാതകിയുടെ അതേ രീതികളിൽ വീണ്ടും ഒരു കൊലപാതകം കാണുന്നതോടെ, ആദ്യം ആ ഡോക്ടർ പറഞ്ഞത് പോലെ തന്ററെ സമനില തെറ്റി തുടങ്ങുകയാണോ എന്നയാൾ ഭയക്കുന്നു. സത്യത്തിൽ പക്ഷെ, ഈ സംഭവത്തിൽ അദ്ദേഹം മാത്രമല്ല, പോലീസ് ഡിപ്പാർട്ട്മെന്ററ് ഒന്നടങ്കം ആശങ്കയിൽ ആയിരുന്നു.

സമനില വീണ്ടെടുത്ത് തിരികെ വരുന്ന കുമരന്ററെ സമയോചിതമായ അന്വേഷണത്തിൽ രണ്ടാമത്തെ കൊലപാതകിയെ പിടിക്കുന്നു എങ്കിലും, അയാൾ കുമാരനോട് തനിച്ചു സംസാരിക്കണം എന്ന് ആവശ്യപ്പെടുന്നു. ആ സഭാഷണം കുമരനെ മാത്രമല്ല കാണുന്ന പ്രേക്ഷകനെ കൂടെ ആകാംക്ഷയുടെ മുൾ മുനയിൽ എത്തിക്കുന്നു. കാരണം, അയാൾ സംസാരിക്കുന്നത് മുഴുവൻ ആദ്യ കൊലപാതകത്തെ പറ്റിയും, അവിടെ വെച്ചു കുമരന്ററെ ഇടപെടൽ ഇല്ലായിരുന്നു എങ്കിൽ താൻ അന്ന് മരിക്കില്ലായിരുന്നു എന്നും മറ്റുമാണ്! ഇത് പറഞ്ഞു തീർന്ന് രണ്ടാമത്തെ കൊലപാതകി ആത്മഹത്യ ചെയ്യുന്നു. വ്യത്യസ്തമായ ഒരു തുടർ കൊലപാതക പരമ്പര ഇവിടെ തുടങ്ങുകയാണ്. മൂന്നാമത് ഒരു കൊലപാതകി വരുന്നതും, അയാൾ ആദ്യത്തെ രണ്ടു പേർക്ക് വേണ്ടിയും സംസാരിക്കുന്നു, നേരിട്ട് കണ്ടത് പോലെ! കുമരനും, മരണ പെട്ട രണ്ട് പേർക്കും മാത്രം അറിയാവുന്ന നിമിഷങ്ങളെ കുറിച്ചും പുതിയ കൊലപാതകി കൃത്യമായി അറിഞ്ഞിരിക്കുന്നു എന്നത് കാര്യങ്ങളെ കൂടുതൽ കുഴപ്പത്തിൽ ആക്കുന്നു. പ്രത്യക്ഷത്തിൽ പരസ്പരം ഒരു ബന്ധവും ഇല്ലാത്ത, എന്നാൽ സമാനമായ ഈ കൊലപാതകങ്ങളുടെ, നിഗൂഢമായ രഹസ്യത്തിന്ററെ ചുരുൾ, കുമരൻ എങ്ങനെ അഴിക്കുന്നു എന്നത് ആണ്, 2017 ഇറങ്ങിയ "മായവൻ" എന്ന, ഒരു

മികച്ച കുറ്റാന്വേഷണ സിനിമ പറയുന്നത്.

നളൻ കുമാരസ്വാമിയുടെ തിരക്കഥയിൽ, c v കുമാർ സംവിധാനം ചെയ്തിരിക്കുന്ന sci fi വിഭാഗത്തിൽ പെടുന്ന ഈ തമിഴ് സിനിമയിൽ, സുദീപ് കിഷൻ, കുമരൻ എന്ന നായക കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നു. ജാക്കി ഷിറോഫ്, ഡാനിയൽ ബാലാജി തുടങ്ങി വില്ലന്മാരുടെ നീണ്ട നിര തന്നെ ഉള്ള ചിത്രത്തിലെ വില്ലൻ ആര് എന്ന് തുടക്കത്തിൽ ഊഹിക്കുക ഒരല്പം കൗതുകമുള്ള കാര്യമായിരിക്കും. കാരണം, നിങ്ങൾ ഊഹിച്ചവർ ആരും തന്നെ ആയിരിക്കില്ല അത് എന്നത് കൊണ്ട് തന്നെ!

Amazon prime- ൽ ചിത്രം ലഭ്യമാണ്. ലിങ്ക് ചുവടെ കൊടുക്കുന്നു.

https://app.primevideo.com/detail...